# KERALA ELECTRICITY EMPLOYEES' CONFEDERATION INTUC

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P<br>9447083300 | Adv. SIBYKUTTY FRANCIS<br>9447303578 | NAZEER.M<br>9447241503 |


No. KEEC/GL/2024/41

തിരുവനന്തപുരം
20.07.2024

സ്വീകർത്താവ്

ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

വിഷയം : KSEBL ന്റെ യന്ത്രസാമഗ്രികൾ നശിപ്പിച്ചത് - ജീവനക്കാരുടെ സുരക്ഷയെ ബാധിക്കുന്ന സാഹചര്യം സൃഷ്ടിച്ചവർക്കെതിരേ നടപടിയെടുക്കാൻ വൈമുഖ്യം കാണിക്കുന്ന AE/AEE എന്നിവരെ മാറ്റി നിർത്തി അന്വേഷണം നടത്തുന്നത് സംബന്ധിച്ച്.

സൂചന : കല്ലായി ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള RMU നശിപ്പിച്ച പത്രവാർത്തകൾ.

കേരള ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കോഴിക്കോട് ഇലക്ട്രിക്കൽ സർക്കിളിന് കീഴിലെ ഫറോക്ക് ഇലക്ട്രിക്കൽ ഡിവിഷന്റെ പരിധിയിൽപ്പെട്ട കല്ലായി ഇലക്ട്രിക്കൽ സെക്ഷനിൽ 2024 ജൂലൈ 2 ന് രാത്രി ഏകദേശം 11 നും 12.30 നും ഇടയിൽ സെക്ഷൻ ഓഫീസിലെ ഫോണിലേക്ക് നിരവധി പരാതികൾ വന്നതിന്റെ അടിസ്ഥാനത്തിൽ നൈറ്റ് ഡ്യൂട്ടിൽ ഉണ്ടായിരുന്ന ജീവനക്കാർ പരാതി പരിശോധിക്കുന്നതിനിടെ സെക്ഷൻ പരിധിയിലെ 38 ഓളം ട്രാൻസ്ഫോർമറുകൾ ഓഫ് ആയ നിലയിൽ കണ്ടെത്തി. തുടർന്ന് നടത്തിയ പരിശോധനയിൽ പാർവതിപുരം, മാനാരി ബൈപാസ്, പാളയം ടെലിഫോൺ എക്സ്ചേഞ്ച് എന്നീ 3 ആർ.എം.യു കൾ ഓഫ് ചെയ്തിട്ട നിലയിൽ കണ്ടെത്തി. അതേതുടർന്ന് നടത്തിയ പരിശോധനയിൽ ട്രാൻസ്ഫോർമറുകളിലെ സെക്ഷൻ ഫ്യൂസുകളിലെ ഫ്യൂസ് വയറുകൾ മുറിച്ചിട്ട നിലയിൽ കണ്ടെത്തി. ഇക്കാര്യം ഉടനെ ഡ്യൂട്ടിയിലുള്ള ജീവനക്കാർ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. രാത്രിയിലെ അസമയത്ത് ഉണ്ടായ സാമൂഹ്യവിരുദ്ധരുടെ ഇത്തരം പ്രവർത്തിയിൽ ജീവനക്കാർ ഭയപ്പെടുകയും ഇക്കാര്യം ഫോൺ ഡ്യൂട്ടിയിൽ അറിയിക്കുകയും, ഡ്യൂട്ടി സബ് എഞ്ചിനീയറോട് വിവരം ധരിപ്പിക്കുകയും ചെയ്തു. ഈ സംഭവത്തിന്റെ ഗൗരവം സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ ശ്രദ്ധയിൽ പെടുത്തുന്നതിനായി പ്രസ്തുത ഫ്യൂസുകളുടെ ഫോട്ടോ എടുത്ത് വെക്കുകയും ചെയ്തിരുന്നു. ഇക്കാര്യം പിറ്റേന്ന് രാവിലെ വീണ്ടും സെക്ഷൻ അസിസ്റ്റന്റ് എൻജിനീയറുടെ ശ്രദ്ധയിൽ കൊണ്ടുവരികയും, ഈ സംഭവം ജീവനക്കാർക്കിടയിൽ ഭീതി ഉണ്ടാക്കാൻ ഇടവരുത്തിയതിനാൽ ആർ.എം.യു ഓഫ് ചെയ്തും ഫ്യൂസ് വയറുകൾ മുറിച്ചും പ്രശ്നങ്ങൾ മനപ്പൂർവ്വം ഉണ്ടാക്കാൻ ശ്രമം നടത്തിയ സാമൂഹ്യവിരുദ്ധർക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറോട് ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന സബ് എഞ്ചിനീയർ ആവശ്യപ്പെട്ടെങ്കിലും സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ യാതൊരു നടപടിക്കും മുതിർന്നില്ല. ലൈനിൽ പണിയെടുക്കുന്ന ജീവനക്കാർക്ക് അപകടത്തിന് എന്തിനേറെ മരണത്തിനുവരെ

കാരണമാകുന്ന സംഭവമാണ് നടന്നിരിക്കുന്നത് എന്ന് ബോധ്യപ്പെട്ടിട്ടും പോലീസിൽ പരാതി നൽകാതെ വൈകിപ്പിക്കുന്ന സമീപനമാണ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സ്വീകരിച്ചത്. ഇതിനെതിരെ സെക്ഷനിലെ ജീവനക്കാർ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറോട് നിരന്തരം ആവശ്യപ്പെട്ടിട്ടും നടപടിയെടുക്കാത്തതിന്റെ കാരണത്താൽ വിവിധ തൊഴിലാളി യൂണിയനുകളുടെ നേതൃത്വത്തെ സമീപിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ യൂണിയൻ നേതൃത്വങ്ങൾ കല്ലായി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറോട് പരാതിപെടുകയായിരുന്നു. ഇതിന് ശേഷം സംഭവം നടന്നതിന്റെ രണ്ടാം ദിവസമായ ജൂലൈ 4 ന് വൈകിട്ടോടെയാണ് പന്നിയങ്കര പോലീസിൽ പരാതി നൽകിയത്.

വലിയ സുരക്ഷാ വീഴ്ചയുണ്ടായ ഈ ദാരുണമായ സംഭവത്തിന്റെ ഗൗരവം ഉൾക്കൊള്ളാതെ കുറ്റക്കാരെ തുടക്കം മുതലേ സംരക്ഷിക്കാനാണ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറും കല്ലായി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ശ്രമം നടത്തി വന്നത് എന്ന കാര്യം ഇതിൽ നിന്ന് വ്യക്തമാണ്. പരാതി ലഭിച്ച പന്നിയങ്കര പോലീസിന് പ്രതികളെ കുറിച്ച് തെളിവായി ട്രാൻസ്ഫോർമറുകളുടെയും ആർ.എം.യു വിന്റേയും സമീപത്തുള്ള CCTV കളിൽ നിന്ന് ലഭ്യമായ വീഡിയോ ദൃശ്യങ്ങളിൽ നിന്ന് പ്രതികൾ സെക്ഷൻ ഓഫീസിൽ സംഭവത്തിന്റെ രണ്ടാഴ്ച മുൻപ് വരെ ജോലി നോക്കിയിരുന്ന ജീപ്പ് ഡ്രൈവറും സെക്ഷൻ ഓഫീസിൽ ജോലി ചെയ്തുവന്നിവരാണോ എന്ന് ബോധ്യപ്പെടാവുന്നതാണ്. എന്നാൽ പ്രതികളെ അറിയില്ലെന്നും തന്റെ സെക്ഷൻ ഓഫീസിന്റെ പ്രവർത്തങ്ങളിൽ സംഭവത്തിന് ശേഷം ഇന്നേ വരെ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഇലക്ട്രിസിറ്റി വർക്കർ ആണെന്നും പൂർണ്ണ ബോധ്യമുണ്ടായിട്ടും ഈ വീഡിയോയിൽ ഉള്ള രണ്ട് പേരും തങ്ങളോടൊപ്പം സെക്ഷൻ ഓഫീസിൽ ജോലി ചെയ്തവർ ആണെന്ന് ജീവനക്കാർക്കിടയിൽ പരസ്യമായ സംസാരം ഉണ്ടായിട്ടും കുറ്റരോപിതരെ സ്വന്തക്കാർ എന്ന പോലെ സംരക്ഷിക്കുന്ന സമീപനമാണ് സെക്ഷൻ അധികാരി കൂടി ആയ അസിസ്റ്റന്റ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നത്. സെക്ഷൻ എഞ്ചിനീയറുടെ തൊട്ടടുത്ത് തന്നെ പ്രവർത്തിക്കുന്ന കല്ലായി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ ഇരുന്ന് പ്രതികളെ നിരന്തരം നേരിൽ കാണുന്ന കല്ലായി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും പ്രതികളെ കുറിച്ച് വ്യക്തമായ വിവരം ഉള്ളതാണ്. ഇത്രയും വലിയ കുറ്റം ചെയ്തവരെ സംരക്ഷിക്കുന്ന നിലപാടാണ് ഇവർ സ്വീകരിക്കുന്നത് ഇതെല്ലാം മറച്ചുവെച്ച് പ്രതികളെ സംരക്ഷിക്കുന്ന സമീപനമാണ് കല്ലായി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും സ്വീകരിച്ചുവരുന്നത്. സബ് ഡിവിഷൻ സേഫ്റ്റി ഓഫീസർ കൂടിയായ കല്ലായി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പ്രതികളെ സംരക്ഷിക്കുന്ന നടപടി തൊഴിലാളികൾക്കിടയിൽ ഭയവും ഭീതിയും സൃഷ്ടിക്കുന്ന സാഹചര്യമാണ് നിലവിൽ ഉണ്ടായിരിക്കുന്നത്.

കല്ലായി സെക്ഷൻ ഓഫീസിൽ രാത്രി കാലങ്ങളിൽ ജീപ്പും ഡ്രൈവറും ഇല്ലാത്ത സാഹചര്യം ഉണ്ടായതിനെ തുടർന്ന് ജീവനക്കാരും തൊഴിലാളി സംഘടനകളും പ്രതിഷേധത്തിലായിരുന്നു. രാത്രി കാലങ്ങളിലെ പരാതി പരിഹരിക്കാനും D.O ഫ്യൂസ് ഉൾപ്പെടെ പോകുന്ന സാഹചര്യത്തിൽ സുരക്ഷ പാലിച്ചുകൊണ്ട് ജോലി ചെയ്യേണ്ട സാഹചര്യത്തിൽ എർത്ത് റോഡ് ഉൾപ്പെടെ കൊണ്ടുപോകേണ്ടതിനാൽ ജീപ്പ് അനിവാര്യമാണല്ലോ. എന്നാൽ, 2024 ജനുവരി മുതൽ രാത്രി കാലങ്ങളിൽ ജീപ്പ് ഇല്ലാത്ത സാഹചര്യം ഉണ്ടായതിനെ തുടർന്ന് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറോട് പരാതി പറഞ്ഞെങ്കിലും അതിൽ നടപടിയുണ്ടായില്ല. തുടർന്ന് ജീവനക്കാരുടെ തൊഴിലാളി യൂണിയനുകൾ ഫറോക്ക് ഇലക്ട്രിക്കൽ എക്സിക്യൂട്ടീവ് എൻജിനീയറെ കണ്ട് പരാതി നൽകുകയും ഉണ്ടായി. എന്നാൽ അതിൽ ഒരു നടപടിയും ഉണ്ടായില്ല. ഇതിന് ശേഷവും നിരവധി തവണ നിവേദനങ്ങൾ കൊടുത്തിട്ടും നടപടിയില്ലാത്തതിനെ തുടർന്ന് 2024 ജൂൺ 15 ന് ശനിയാഴ്ച കല്ലായി ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസിലേക്ക് മാർച്ച് നടത്താൻ സംയുക്ത തൊഴിലാളി യൂണിയനുകളുടെ നേതൃത്വത്തിൽ തീരുമാനിക്കുകയും ചെയ്തിരുന്നു. ഇതിനെ തുടർന്ന് ഫറോക്ക് ഇലക്ട്രിക്കൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ 2024 ജൂൺ 13 ന് സംയുക്ത തൊഴിലാളി യൂണിയൻ നേതൃത്വത്തെ ചർച്ചക്ക് വിളിക്കുകയും, പ്രസ്തുത ചർച്ചയിൽ കല്ലായി സെക്ഷൻ ഓഫീസിൽ രാത്രികാലങ്ങളിൽ ജീപ്പും ഡ്രൈവറും വരാതിരുന്ന സാഹചര്യത്തിൽ ഈ ജീപ്പിന്റേയും ഡ്രൈവറുടെയും സേവനം ഒഴിവാക്കുന്നതിനായി കോഴിക്കോട് ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് ശുപാർശ ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ ഈ ചർച്ചയിൽ നടന്ന തീരുമാനത്തെ അട്ടിമറിക്കാൻ ശ്രമം നടത്തുകയും തുടക്കം മുതലേ ജീപ്പ് ഡ്രൈവറെ സംരക്ഷിക്കാനുള്ള ശ്രമമാണ്

കല്ലായി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ, കല്ലായി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ ശ്രമം നടത്തിയത്. അതിന് ശേഷം സംയുക്ത തൊഴിലാളി നേതാക്കളുടെ നിരന്തരം സമ്മർദ്ദത്തെ തുടർന്ന് ജീപ്പ് ഡ്രൈവറെ സെക്ഷനിലെ പ്രവർത്തങ്ങളിൽ നിന്ന് ഒഴിവാക്കാൻ തീരുമാനമുണ്ടായി. അതിനിടെ ജീപ്പ് ഡ്രൈവർ സ്വയം ഒഴിയുകയാണെന്ന് അറിയിച്ച് കൊണ്ട് മേലധികാരികൾക്ക് കത്ത് നൽകുയും ജീപ്പിന്റേയും ഡ്രൈവറുടെയും സേവനം മതിയാക്കുകയും ചെയ്തിരുന്നു. പകൽപോലെ കാര്യങ്ങൾ വ്യക്തമായിട്ടും പ്രതികളെ സംരക്ഷിക്കുന്ന സമീപനമാണ് ഇതുവരെയും കല്ലായി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ, കല്ലായി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ സ്വീകരിച്ച് പോരുന്നത്.

നിരന്തരം തൊഴിലാളിദ്രോഹ നടപടികളുമായി മുന്നോട്ട് പോകുന്ന കല്ലായി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ, കല്ലായി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെ മാറ്റി നിർത്തി കൊണ്ടുമാത്രമേ ഈ വിഷയത്തിൽ സുതാര്യമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ മതിയായ ശിക്ഷ ലഭ്യമാക്കുന്ന നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. കഴിഞ്ഞ ഒരു വർഷത്തോളമായി സെക്ഷൻ ഓഫീസിൽ നിരന്തരം തൊഴിലാളി ദ്രോഹ നടപടി കൈക്കൊള്ളുന്ന സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറെ തൽസ്ഥാനത്ത് നിന്ന് മാറ്റിനിർത്തേണ്ടത് അനിവര്യമായി തീർന്നിരിക്കുകയാണ്. തൊഴിലാളികൾക്ക് സുരക്ഷിതമായി ജോലി ചെയ്യാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയത് വലിയ സുരക്ഷാ വീഴ്ചക്ക് കാരണമായി തീരുമെന്നതിനാൽ പ്രശ്നക്കാരായ കല്ലായി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ, കല്ലായി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെ മാറ്റി നിർത്തി സുരക്ഷാ വീഴ്ചയ്ക്ക് കാരണമാകുന്ന പ്രവർത്തി നടത്തിയ യഥാർത്ഥ പ്രതികളെ കണ്ടെത്തുന്നതിനുള്ള നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

| | | |
|---|---|---|
| കെ.പി.ധനപാലൻ Ex.MP | അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ് | നസീർ.എം |
| പ്രസിഡന്റ് | വർക്കിംഗ് പ്രസിഡന്റ് | ജനറൽ സെക്രട്ടറി |

KERALA ELECTRICITY EMPLOYEES FEDERATION
Reg: No. 01-14/87
AFFI. No. 10486
★ INTUC ★